# കരുതുന്നവനായ ദൈവം

## യോശുവ 5:12

"അവർ ദേശത്തെ വിളവ് അനുഭവിച്ചതിന്റെ പിറ്റെ ദിവസം മന്ന നിന്നു പോയി; യിസ്രായേൽമക്കൾക്ക് പിന്നെ മന്ന കിട്ടിയതുമില്ല."

കനാനിലേക്കുള്ള തങ്ങളുടെ പ്രയാണത്തിന്റെ മുമ്പിൽ നിന്നിരുന്ന യോർദ്ദാൻ നദി കടക്കുക എന്ന വലിയ കടമ്പ; അതിനെ രണ്ടായി വിഭാഗിച്ച് യിസ്രായേൽ മക്കളെ അക്കരെ കടക്കുവാൻ ദൈവം ഇടയാക്കി. അവിടെ വച്ച് ദൈവം മിസ്രയീമിന്റെ നിന്ദ അവരുടെ ഇടയിൽ നിന്ന് നീക്കിക്കളയുക മൂലം ആ സ്ഥലത്തിന്നു ഗില്ഗാൽ എന്നു പേരുമായി. അവിടെ പാളയമിറങ്ങിയ യിസ്രായേൽ മക്കൾ പെസഹ ആചരിക്കുന്നതായും, പെസഹയുടെ പിറ്റെദിവസം അവർ ദേശത്തെ വിളവുകൊണ്ടുള്ള പുളിപ്പില്ലാത്ത അപ്പവും, മലരും തിന്നുവെന്നും നാം കാണുന്നു. അതിനു ശേഷം വാക്യം 12 ൽ മേൽ വായിച്ചുകണ്ടതു പോലെ യിസ്രയേൽ മക്കൾക്ക് നൽകപ്പെട്ടിരുന്ന മന്ന നിന്നു പോയി എന്നും കാണുന്നു.

ഒറ്റവായനയിൽ യിസ്രായേൽ മക്കൾ എന്തോ തെറ്റു ചെയ്തു എന്നു തോന്നുന്ന ഒരു വാക്യമാണിത്. എന്നാൽ പശ്ചാത്തലം മനസ്സിലാക്കുമ്പോൾ അങ്ങനെയല്ലെന്നു കാണാം. കനാൻ ദേശത്തേക്കുള്ള 40 വർഷം നീണ്ട മരുഭൂയാത്രയിൽ അവർ ഒരിടത്തും സ്ഥിരതാമസമാക്കിയിരുന്നില്ല. അവരുടെ യാത്രയുടെ ഏറിയ പങ്കും മരുഭൂമിയിലൂടെ ആയിരുന്നു. അവർ കടന്നു വന്ന ഒരു ദേശവും അവർക്ക് സ്വന്തമല്ലായിരുന്നു. ഈ വക കാരണങ്ങളാൽ കൃഷി ചെയ്ത് വിളവുണ്ടാക്കുക എന്നത് അവർക്ക് അപ്രായോഗികമായിരുന്നു. എന്നാൽ ഈ മരുഭൂപ്രയാണത്തിൽ ഞങ്ങൾ എന്തു തിന്നും എന്നു ചോദിച്ച ജനത്തിന്, അവർ കൃഷി ചെയ്ത് വിളവ് ലഭിക്കുന്നതു വരെയുള്ള കാലഘട്ടം ദൈവം ഭക്ഷിപ്പാൻ നൽകിയതാണ് മന്ന. എന്തുദ്ദേശത്തിലാണോ മന്ന നൽകിയത്, ആ ഉദ്ദേശം പൂർത്തിയായ ദിവസംമുതൽ ദൈവം പിന്നെ മന്ന കൊടുത്തതുമില്ല.

നമുക്ക് ഈ ലോകത്തിലുള്ള സകല ഭൗതീക കാര്യങ്ങളെക്കുറിച്ചും ഈ ഒരു കാഴ്ചപ്പാടുണ്ടാകണം. നമ്മുടെ നിത്യതയുടെ തീരത്തെത്തുന്നതു വരെയുള്ള യാത്രാമദ്ധ്യേ ദൈവം ഒരുക്കുന്ന കരുതലുകൾ മാത്രമാണ് ഓരോ ദിവസവും നാം അനുഭവിക്കുന്ന ഭൗതീക നന്മകളും അനുഗ്രഹങ്ങളും. ഈ ലോകത്തിലെ യാതൊരു ധനവും നമുക്ക് സ്ഥിരമായി നൽകിയിരിക്കുന്നതല്ല, താത്കാലിക കരുതലുകളാണ്. നമ്മുടെ നിത്യമായ നിക്ഷേപം സ്വർഗ്ഗത്തിലാണ് എന്നുള്ള കാര്യം നാം മറന്നു പോകരുത്. ആകയാൽ ഈ

ഭൂമിയിലുള്ള യാതൊന്നിലും നാം അതിരു കവിഞ്ഞു സന്തോഷിക്കുകയോ ആശ്രയിക്കുകയോ ചെയ്യരുത്. മന്ന നിന്നു പോയതു പോലെ നാം അനുഭവിച്ചുകൊണ്ടിരിക്കുന്നത് എന്തെങ്കിലും നിന്നു പോയാലും ദു:ഖിക്കരുത്. പകരം മറ്റൊന്ന് ഒരുക്കിയിട്ടാകും ദൈവം അത് നിർത്തിയത് എന്ന് നാം അറിയണം. ഈ ഒരു തിരിച്ചറിവിലേക്ക് കടന്നു വരാൻ ദൈവം നമ്മെ ധാരാളമായി അനുഗ്രഹിക്കുമാറാകട്ടെ.

പരാമർശം:

നെഹമ്യാവ് 9:6

നീ, നീ മാത്രം, യഹോവ ആകുന്നു; നീ ആകാശത്തെയും സ്വർഗ്ഗാധിസ്വർഗ്ഗത്തെയും അവയിലെ സകലസൈന്യത്തെയും ഭൂമിയെയും അതിലുള്ള സകലത്തെയും സമുദ്രങ്ങളെയും അവയിലുള്ള സകലത്തെയും ഉണ്ടാക്കി; നീ അവയെ ഒക്കെയും രക്ഷിക്കുന്നു; ആകാശത്തിലെ സൈന്യം നിന്നെ നമസ്കരിക്കുന്നു.

ബ്രദർ. ബിനു ബേബി ആലപ്പുഴ 139